# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4301** **27.06.2013 ൽ മറുപടിക്ക്**

**ശ്രീമതി എമിലിയുടെ നിയമനത്തിന് അംഗീകാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ ചെറിയനാട് ശ്രീ.വിജയേശ്വരി ഹൈസ്കൂളിലെ ക്ലർക്കായ ശ്രീമതി എസ്.എമിലിയുടെ നിയമനം അംഗീകരിക്കാതെ നിരസിച്ചത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) 2009-10 അധ്യയന വർഷത്തിൽ ചെറിയനാട് ശ്രീ വിജയേശ്വരി ഹൈസ്കൂളിൽ അനുവദിച്ച ഒരധിക ഡിവിഷൻ തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി 12.01.2010 തീയതിയിലെ സ.ഉ.(പി) നം.10/10/പൊ.വി. പ്രകാരം 2010-11 അധ്യയന വർഷം മുതൽ ഒഴിവുണ്ടാകുന്ന തസ്തികകളിൽ ഇപ്രകാരം അംഗീകരിക്കപ്പെടുന്ന അധിക ഡിവിഷൻ തസ്തികകളുടേതിന് തത്തുല്യമായി സംരക്ഷിത ജീവനക്കാരെ നിയമിക്കാം എന്ന് സമ്മതിച്ചുകൊണ്ടുള്ള സമ്മത പത്രം സ്കൂൾ മാനേജർ സമർപ്പിക്കാത്തതിനാലാണ് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീമതി എമിലിയുടെ നിയമനാംഗീകാരം നിരസിച്ചത്. |
| (ബി) നിയമനം നിരസിച്ച മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ തന്നെ അപ്പീലിൽ മേലുള്ള റിമാർക്സിൽ നിയമനം അംഗീകരിക്കുന്നതിന് തടസങ്ങൾ ഒന്നും തന്നെ ഇല്ല എന്ന് ശുപാർശ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) (സി) (ഡി) (ഇ) & (എഫ്) ശ്രീമതി എമിലിയുടെ നിയമനാംഗീകാരം നിരസിച്ചതിനെതിരെയുള്ള മാനേജരുടെ 1.1.2013 ലെ റിവിഷൻ പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട് 22.6.2013 ലെ ഇ.സി1/18191/13 നമ്പർ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി എമിലിയുടെ നിയമനം 1.6.2011 മുതൽ അംഗീകരിച്ചു. ശ്രീമതി എമിലിയുടെ നിയമനാംഗീകാരം സംബന്ധിച്ച റിവിഷൻ പെറ്റീഷനുകളൊന്നും തന്നെ നാളിതുവരെ സർക്കാരിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ടി വിഷയം സർക്കാർ തലത്തിൽ പരിശോധിക്കപ്പെട്ടിട്ടില്ല. |
| (സി) റിട്ടയർമെന്റ് വേക്കൻസിയിൽ | |

സീനിയർ മോസ്റ്റ് റൂൾ 43 ക്ലൈമന്റ് ആയി ശ്രീമതി എമിലിയുടെ നിയമനം നിരസിച്ചത് മൂലം ടി തസ്തികയിലും മറ്റ് അനുബന്ധ തസ്തികകളിലും കഴിഞ്ഞ രണ്ടു വർഷക്കാലമായി ശമ്പളമില്ലാതെ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രയാസം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപ്പീൽ പെറ്റീഷനിൽ നടപടികൾ എവിടെവരെ ആയി എന്ന് വിശദ മാക്കുമോ;

(ഇ) അപ്പീൽ പരിഗണിച്ച് നിയമനം അംഗീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കാരണമില്ലാതെ നിയമനം നിരസിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ